# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2641 — 09.03.2017 -ലെ മറുപടി

## കുടിവെള്ളത്തിനായി കുഴൽകിണർ നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.സി.ജോർജ് | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |

| | | | |
| --- | --- | --- | --- |
| എ) | കുടിവെള്ളത്തിനായി സ്വന്തം വീടിന്റെ പരിസരത്ത് കുഴൽ കിണർ നിർമ്മിക്കുന്നതിന് എതിരെ എന്തെങ്കിലും പുതിയ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങളും ഉത്തരവും ലഭ്യമാക്കുമോ; | എ) | സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം അധ്യായം 14, ചട്ടം 93(എ) അനുസരിച്ച് കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിന് അതാതു പഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. പഞ്ചായത്തിൽ നിന്നും ഈ അനുമതി ലഭിക്കുന്നതിന് കുഴൽ കിണർ നിർമ്മാണ നോഡൽ ഏജൻസിയായ ഭൂജല വകുപ്പിന്റെ നിരാക്ഷേപ പത്രം ആവശ്യമാണ്. കൂടാതെ സ്വകാര്യ വ്യക്തികൾ നടത്തുന്ന കുഴൽ കിണർ നിർമ്മാണം ഭൂജല വകുപ്പിലെ ജില്ലാ ഉദ്യോഗസ്ഥന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിന്റെ വ്യവസ്ഥകളനുസരിച്ച് നിർത്തി വയ്ക്കാവുന്നതാണെന്ന നിർദ്ദേശം റവന്യൂ വകുപ്പ് നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധം 1,2 ആയി ചേർക്കുന്നു |
| ബി) | സ്വന്തമായി കുടിവെള്ളത്തിനായി കുഴൽ കിണർ നിർമ്മിച്ചാൽ ഇതിന് ആകുന്ന വലിയ തുകയ്ക്ക് സർക്കാരിൽ നിന്നും എന്തെങ്കിലും സബ്സിഡി നിലവിൽ നൽകുന്നുണ്ടോ; വിവരിക്കുമോ; | ബി) യും സി) യും | ഭൂജല വകുപ്പ് ചെറുകിട നാമമാത്ര കർഷകർക്ക് ഭൂജലസർവ്വേ നടത്തി ഡ്രില്ലിംഗ് ചാർജ്ജിന്റെ 50% സബ്സിഡി നിരക്കിൽ കുഴൽ കിണറുകൾ നിർമ്മിച്ചു നൽകുന്നുണ്ട്. ചെറുകിട നാമമാത്ര കർഷകർ പ്രദേശത്തെ കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ഇതിനായി ഹാജരാക്കേണ്ടതുണ്ട്. |
| സി) | ഇല്ലെങ്കിൽ സബ്സിഡി നൽകാൻ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

1

# കേരള സർക്കാർ

## ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ - കെ) വകുപ്പ്

## പരിപത്രം

നമ്പർ.45726/കെ3/2016/ഡി.എം.ഡി.

തീയതി, തിരുവനന്തപുരം, 17/02/2017

വിഷയം:- ദുരന്ത നിവാരണ വകുപ്പ് - വരൾച്ച 2016-17 – കുടിവെള്ള വിതരണം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 31.10.2016-ലെ 42830/കെ3/2016/ഡി.എം.ഡി നമ്പർ പരിപത്രം.

2. ചീഫ് സെക്രട്ടറിയുടെ 15.02.2017-ലെ വീഡിയോ കോൺഫറൻസിന്റെ മിനിട്ട്സ്.

സംസ്ഥാനത്ത് അനുഭവപ്പെടുന്ന രൂക്ഷമായ വരൾച്ചയുടെ പശ്ചാത്തലത്തിൽ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

1) വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ലാത്തതോ അതി രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന ജനവാസം കുറഞ്ഞ മലയോര പ്രദേശങ്ങളിലോ ടാങ്കർ ലോറി വഴി കുടിവെള്ള വിതരണം നടത്തേണ്ട അടിയന്തിര സാഹചര്യം കണക്കിലെടുത്ത് ജില്ലാകളക്ടർമാർക്ക് തങ്ങളുടെ വിവേചന അധികാരം ഉപയോഗിച്ച് അനുമതി നൽകാവുന്നതാണ്. ഇതു സംബന്ധിച്ച് കളക്ടർമാർ വ്യക്തമായ നിബന്ധനകളോടെ ഗ്രാമ പഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ കുടിവെള്ള വിതരണം നടത്തേണ്ടതാണ്. ഇതിനായി GPS ഘടിപ്പിച്ച ടാങ്കർ ലോറികൾ ഉപയോഗിക്കേണ്ടതും പ്രസ്തുത ടാങ്കറുകളുടെ യാത്ര കൃത്യമായി നിരീക്ഷിക്കേണ്ടതും ലോഗ് ബുക്ക്, ട്രിപ്പ് ഷീറ്റ് മുതലായവ കൃത്യമായി പരിശോധിച്ച് റവന്യൂ അധികാരികൾ GPS log ഉപയോഗിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. തഹസീൽദാർ, വില്ലേജ് ഓഫീസർ എന്നിവർക്ക് പ്രസ്തുത പ്രവൃത്തിയുടെ ഏകോപന ചുമതല നൽകേണ്ടതാണ്.
2) ദുരന്ത നിവാരണ നിയമം, 2005 സെക്ഷൻ 34(j) പ്രകാരം ജില്ലാകളക്ടർമാർ ജില്ലകളിലെ 'പാറക്കുളങ്ങൾ' കണ്ടെത്തേണ്ടതും അവ കുടിവെള്ള ഉപയോഗത്തിന് പര്യാപ്തമാണോയെന്ന് പരിശോധിച്ചതിനുശേഷം അവ ഏറ്റെടുക്കുന്നതിനായി നടപടിക്രമം പുറപ്പെടുവിക്കേണ്ടതുമാണ്. കൂടാതെ ഇത്തരം ജല സ്രോതസുകളിൽ നിന്നും മറ്റുള്ളവർ ജല ചൂഷണം നടത്തുന്നത് തടയേണ്ടതുമാണ് .
3) സ്വകാര്യ കുഴൽ കിണർ നിർമ്മാതാക്കൾ പുതിയ കുഴൽ കിണറുകൾ കുഴിക്കുന്നത് 2017 മെയ് മാസം അവസാനം വരെ ദുരന്തനിവാരണ നിയമം അനുസരിച്ച് തടയുന്നതിനുള്ള നടപടി ക്രമങ്ങൾ ജില്ലാകളക്ടർമാർ പുറപ്പെടുവിക്കേണ്ടതാണ്.

4) സൂചന പരിപത്രത്തിലെ ഇനം നമ്പർ 10 പ്രകാരം അനുമതി നൽകിയിരുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 31.03.2017 വരെ നീട്ടിനൽകാവുന്നതും പ്രസ്തുത തീയതിക്കുള്ളിൽ തന്നെ അവ പൂർത്തീകരിക്കേണ്ടതുമാണ്.

**പ്രവീൺ എസ്.**
ഡെപ്യൂട്ടി സെക്രട്ടറി

To

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആന്റ് ഹെഡ് സയന്റിസ്റ്റ്, സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ, ഐ.എൽ.ഡി.എം., തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ & ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ്
ജല വിഭവ വകുപ്പ്
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി.) വകുപ്പ്
ദുരന്ത നിവാരണ വകുപ്പ് (റവന്യൂ - കെ1, കെ2, കെ4) സീറ്റുകൾക്ക്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

**കേരള സർക്കാർ**

**ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ - കെ) വകുപ്പ്**

## പരിപത്രം

നമ്പർ.45726/കെ3/2016/ഡി.എം.ഡി.　　　　　　　　തീയതി, തിരുവനന്തപുരം, 20/02/2017

വിഷയം:- ദുരന്ത നിവാരണ വകുപ്പ് - വരൾച്ച 2016-17 – കുടിവെള്ള വിതരണം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. 31.10.2016-ലെ 42830/കെ3/2016/ഡി.എം.ഡി നമ്പർ പരിപത്രം.
2. ചീഫ് സെക്രട്ടറിയുടെ 15.02.2017-ലെ വീഡിയോ കോൺഫറൻസിന്റെ മിനിട്ട്സ്.
3. 17.02.2017-ലെ 45726/കെ3/2016/ഡി.എം.ഡി നമ്പർ പരിപത്രം

സൂചന (3)ലെ പരിപത്രത്തിലെ ഖണ്ഡിക (3) താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

"സ്വകാര്യ കുഴൽ കിണർ നിർമ്മാണം നിയന്ത്രിക്കേണ്ടതാണ്. ഭൂഗർഭ ജല വകുപ്പിലെ ജില്ലാ ഉദ്യോഗസ്ഥന്റെ ശുപാർശ അനുസരിച്ച് ആവശ്യമായ പ്രദേശങ്ങളിൽ അതാത് ജില്ലാകളക്ടർമാർക്ക് ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിന്റെ വ്യവസ്ഥയ്ക്ക് വിധേയമായി നിർമ്മാണം നിർത്തിവയ്ക്കാവുന്നതാണ്."

2) മേൽപ്പറഞ്ഞ നിർദ്ദേശം ചർച്ച ചെയ്യുന്നതിനും വരൾച്ച സംബന്ധിച്ച മറ്റ് വിഷയങ്ങൾ അവലോകനം ചെയ്യുന്നതിനുമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി **ആഴ്ചയിലൊരിക്കൽ** വീഴ്ച കൂടാതെ ചേരേണ്ടതാണ്.

**പി. എച്ച് കുര്യൻ**
പ്രിൻസിപ്പൽ സെക്രട്ടറി

To

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആന്റ് ഹെഡ് സയന്റിസ്റ്റ്, സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ, ഐ.എൽ.ഡി.എം., തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ & ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് - മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ചീഫ് സെക്രട്ടറിയുടെ അഡിഷണൽ സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ്
ജല വിഭവ വകുപ്പ്
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി.) വകുപ്പ്
ദുരന്ത നിവാരണ വകുപ്പ് (റവന്യൂ - കെ1 കെ2, കെ4) സീറ്റുകൾക്ക്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ